ധനം
BUSINESS MAGAZINE

MANAGEMENT
മാനേജ്മെന്റ്



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# അതിജീവനത്തിന് വേണം, ഭൂമിശാസ്ത്രപരമായ വൈവിധ്യവൽക്കരണം

**യഥാർത്ഥ സുസ്ഥിരത എന്നത് ഒരേസമയം ഒന്നിലധികം വിപണികളിൽ സ്വാധീനമുണ്ടാക്കാനുള്ള കഴിവാണ്**

അടുത്ത കാലത്തെ എന്റെ ലേഖനങ്ങളിലെല്ലാം 'നിങ്ങളുടെ പ്രധാന ബിസിനസ് വളർത്തുക' എന്നതിനാണ് ഞാൻ മുൻഗണന നൽകിയിരുന്നത്.

എങ്കിലും, 2026ൽ എത്തിനിൽക്കുമ്പോൾ എന്റെ ഉപദേശക സെഷനുകളിൽ മറ്റൊരു പ്രധാന ചോദ്യം ഉയർന്നുവരുന്നുണ്ട്- 'ലോകത്തിന്റെ ഏത് ഭാഗത്തായിരിക്കണം എന്റെ പ്രധാന ബിസിനസ് സ്ഥിതിചെയ്യേണ്ടത്?'

പതിറ്റാണ്ടുകളായി, കേരളത്തിലെയും ജിസിസിയിലെയും പല ബിസിനസുകളും ഏകധ്രുവീയമായ സുരക്ഷിത വലയത്തിനുള്ളിലാണ് പ്രവർത്തിക്കുന്നത്- അതായത് ബിസിനസ് പൂർണമായും ജിസിസിയിലോ, അല്ലെങ്കിൽ കേരളത്തിലോ മാത്രമായി ഒതുങ്ങുന്നു.

മുൻകാലങ്ങളിൽ, പ്രാദേശികമായ സാമ്പത്തിക മാന്ദ്യങ്ങളിൽ നിന്ന് സംരക്ഷണം നേടുന്നതിനും പുതിയ വിപണികളെക്കുറിച്ച് ധാരണ ലഭിക്കുന്നതിനുമായി ബിസിനസ് മറ്റ് ഭൂപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഞാൻ ക്ലയ്ന്റുകളെ പ്രേരിപ്പിക്കാറുണ്ടായിരുന്നു. കേരളത്തിലുള്ളവർ ജിസിസിയിലേക്കും ജിസിസിയിലുള്ളവർ കേരളത്തിലേക്കും വികസിക്കുന്നത് അന്ന് പതിവായിരുന്നു.

എന്നാൽ നമുക്കറിയാവുന്ന ലോകം ഇന്ന് മാറിയിരിക്കുന്നു. ചരിത്രകാരന്മാരും തന്ത്രജ്ഞരും Dominant Power Cycle എന്ന് വിളിക്കുന്ന കാലഘട്ടത്തിന്റെ അവസാന ഘട്ടത്തിലൂടെയാണ് നാം ഇപ്പോൾ കടന്നുപോകുന്നത്.

നിലവിലുള്ള ലോകക്രമം പരിധിയില്ലാതെ സമ്മർദ്ദത്തിലാകുകയും കടക്കെണിയിലാവുകയും വളർന്നുവരുന്ന പുതിയ ശക്തികളിൽ നിന്ന് വെല്ലുവിളികൾ നേരിടുകയും ചെയ്യുന്ന ഘട്ടമാണിത്. ഇത് ആഭ്യന്തരവും ബാഹ്യവുമായ സംഘർഷങ്ങളുടെ ഒരു 'ശുദ്ധീകരണ കൊടുങ്കാറ്റിലേക്ക്' (Cleansing storm) നയിക്കുന്നു.

ഇത്തരമൊരു ഘട്ടത്തിൽ, ഏതെങ്കിലും ഒരു ഭൂപ്രദേശം മാത്രം 'സുരക്ഷിതമാണ്' എന്ന് ഒരു സംരംഭകൻ കരുതുന്നത് അപകടകരമായ പ്രവണതയാണ്.

## ഏക വിപണി എന്ന മിഥ്യ

തങ്ങൾ ഒരു പ്രത്യേക പ്രദേശത്ത് ശക്തരാണെങ്കിൽ, സുരക്ഷിതരാണെന്നാണ് പല ബിസിനസ് ഉടമകളുടെയും വിശ്വാസം.




**നിങ്ങളുടെ മുഴുവൻ ഫാക്ടറിയും ഒരു വിതരണക്കാരനെ മാത്രം വിശ്വസിച്ച് ഏൽപിക്കാത്തത് പോലെ, നിങ്ങളുടെ കുടുംബത്തിന്റെ ഭാവി ഒരൊറ്റ രാജ്യത്തെയോ, പ്രദേശത്തെയോ മാത്രം വിശ്വസിച്ച് പണയപ്പെടുത്തരുത്**

ഇതൊരു തെറ്റായ ധാരണയാണ്. നിങ്ങളുടെ എല്ലാ ബിസിനസും ഒരേ കറൻസിയിലും ഒരേ നിയമപരിധിയിലും ഒരേ ഭൗമ-രാഷ്ട്രീയ സാഹചര്യത്തിലുമാണ് നിൽക്കുന്നതെങ്കിൽ, നിങ്ങൾ വൈവിധ്യവൽക്കരണമല്ല നടത്തിയിരിക്കുന്നത്; മറിച്ച് ഒരിടത്ത് മാത്രം കേന്ദ്രീകരിച്ചിരിക്കുകയാണ്.

Dominant power cycle അതിന്റെ അവസാന ഘട്ടത്തിലെത്തുമ്പോൾ, സാധാരണയായി നാല് കാര്യങ്ങൾ സംഭവിക്കുന്നു:

- **കറൻസി മൂല്യത്തകർച്ച:** വർധിച്ചുവരുന്ന കടബാധ്യതകൾ നേരിടാൻ ഭരണകൂടങ്ങൾ അമിതമായി നോട്ടുകൾ അച്ചടിക്കുന്നു. ഇത് നിങ്ങളുടെ സമ്പാദ്യത്തിന്റെ മൂല്യം ക്ഷയിപ്പിക്കുന്നു.
- **ആഭ്യന്തര സംഘർഷങ്ങൾ:** സാമ്പത്തിക അസമത്വം ജനകീയ പ്രക്ഷോഭങ്ങളിലേക്കും പെട്ടെന്നുള്ള നിയമമാറ്റങ്ങളിലേക്കും നയിക്കുന്നു. ലാഭകരമായ ഒരു മേഖല ഒറ്റ രാത്രികൊണ്ട് 'അപ്രധാനമായതോ', അല്ലെങ്കിൽ ഉയർന്ന നികുതിയുള്ളതോ ആയി മാറിയേക്കാം.
- **ഭൗമരാഷ്ട്രീയ വിഘടനം:** ആഗോള വ്യാപാര നിയമങ്ങൾ തകരുകയും പകരം പ്രാദേശികമായ 'ഗോത്രീയ' വ്യാപാര ബ്ലോക്കുകളും താരിഫ് യുദ്ധങ്ങളും വരികയും ചെയ്യുന്നു.
- **യുദ്ധങ്ങൾ:** രാജ്യങ്ങൾ തമ്മിൽ യുദ്ധങ്ങൾ ആരംഭിക്കുകയും അത് വലിയ തോതിലുള്ള നാശനഷ്ടങ്ങൾക്ക് കാരണമാവുകയും ചെയ്യാം.

## വൈവിധ്യവൽക്കരണ തന്ത്രം

2026ലും അതിന് ശേഷവും നിലനിൽക്കണമെങ്കിൽ, വളർച്ചയെന്നത് വെറും യൂണിറ്റുകൾ വർധിപ്പിക്കുന്നത് മാത്രമാകരുത്. അത് 'മതിയായ ഭൂമിശാസ്ത്രപരമായ വൈവിധ്യവൽക്കരണം' ആയിരിക്കണം.

നിങ്ങളുടെ ബിസിനസിന്റെ വലിപ്പമനുസരിച്ച്, പ്രവർത്തനങ്ങളും മൂലധനവും വ്യത്യസ്ത ഭൂപ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കണമെന്നാണ് ഇതിനർത്ഥം.

2007 മുതൽ ഈ രീതി പിന്തുടരുന്ന എന്റെ ഒരു ക്ലയ്ന്റ് തന്റെ ബിസിനസ് വികസിപ്പിച്ചത് ഇപ്രകാരമാണ്:

**1993–** കേരളത്തിൽ ഒരു സ്റ്റോർ തുറന്ന് തുടക്കം.

**2005–** ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്ക്.

**2007–** ജിസിസി രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു.

**2013–** തെക്കുകിഴക്കൻ ഏഷ്യയിലേക്ക്.

**2018–** യുഎസ്എയിൽ.

**2023–** യൂറോപ്പിലേക്ക് വ്യാപിപ്പിച്ചു.

**2024–** ഓസ്ട്രേലിയ/ന്യൂസിലൻഡ് എന്നീ രാജ്യങ്ങളിലേക്ക്.

**ഉപസംഹാരം:**

ആഗോള അധികാര കൈമാറ്റത്തിന്റെ 'ജീവിതത്തിലൊരിക്കൽ മാത്രം സംഭവിക്കുന്ന' ഒരു പരിവർത്തന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പണ്ട്, ഒരു 'ലോക്കൽ ഹീറോ' ആകുന്നതിന് ഒരു വലിയ വിജയം കെട്ടിപ്പടുത്താൽ മതിയായിരുന്നു. എന്നാൽ ഇന്ന്, ആഗോള മാറ്റങ്ങളെ അവഗണിക്കുന്ന 'ലോക്കൽ ഹീറോ' വെറുമൊരു 'ഇര' (Sitting duck) മാത്രമാണ്.

നിങ്ങളുടെ എല്ലാ നിക്ഷേപങ്ങളും ഒരേ കൊട്ടയിലാണെന്ന് തിരിച്ചറിയാൻ ഒരു പ്രതിസന്ധി വരുന്നത് വരെ കാത്തിരിക്കരുത്. നിങ്ങളുടെ മുഴുവൻ ഫാക്ടറിയും ഒരു വിതരണക്കാരനെ മാത്രം വിശ്വസിച്ച് ഏൽപിക്കാത്തത് പോലെ, നിങ്ങളുടെ കുടുംബത്തിന്റെ ഭാവി ഒരൊറ്റ രാജ്യത്തെയോ, പ്രദേശത്തെയോ മാത്രം വിശ്വസിച്ച് പണയപ്പെടുത്തരുത്. ഈ കാലഘട്ടത്തിൽ യഥാർത്ഥ സുസ്ഥിരത എന്നത് ഒരേസമയം ഒന്നിലധികം വിപണികളിൽ 'സ്വന്തം വീട്ടിലെന്ന പോലെ' സ്വാധീനമുണ്ടാക്കാനുള്ള കഴിവാണ്. ഒരു വാതിൽ അടയുമ്പോൾ, മറ്റ് മൂന്ന് വാതിലുകൾ തുറന്നുതന്നെയിരിക്കുന്നു എന്ന് ഇതിലൂടെ ഉറപ്പാക്കുന്നു.

'കോൺട്രേറിയൻ' (Contrarian) ലോകത്ത്, സ്വന്തം നാട്ടിൽ തിളങ്ങി നിൽക്കുമ്പോൾ തന്നെ പുതിയൊരു നാട്ടിലേക്ക് പാലം പണിയുന്നതാണ് ഏറ്റവും ഉചിതം. ■